

# ‘എർളി ചൈൽഡ്ഹുഡ്’ ക്രമീകരണത്തിൽ കളിയിലൂടെയുള്ള പഠനം

fka CHILDREN'S SERVICES INC

MALAYALAM

## എന്താണ് കളി?

അർത്ഥപൂർണ്ണമായ കളി അടിസ്ഥാനമാക്കിയുള്ള അനുഭവങ്ങളിൽ ഏർപ്പെടുമ്പോൾ കുട്ടികൾ പഠിക്കുകയും അവർക്ക് ബുദ്ധിവികാസം ഉണ്ടാവുകയും ചെയ്യുന്നു എന്നാണ് ലോകമെമ്പാടുമുള്ള പഠനങ്ങൾ തെളിയിച്ചിട്ടുള്ളത്.

*“കുട്ടികളുടെ ബുദ്ധിപരവും ശാരീരികവും സാമൂഹികവും സർഗ്ഗാത്മകവുമായ ശേഷികളുടെ വിശാലമായ ശ്രേണികളെ ഉത്തേജിപ്പിക്കാനും സംയോജിപ്പിക്കാനും കളി അത്യന്താപേക്ഷിതമാണ്. കാര്യക്ഷമമായ ‘എർളി ചൈൽഡ്ഹുഡ്’ (പ്രാരംഭ ശൈശവ) പരിശീലനങ്ങൾ, കുട്ടികളുമായുള്ള സുസ്ഥിരവും പങ്കിടപ്പെടുന്നതുമായ ഇടപെടലുകളെ പിന്തുണയ്ക്കുന്നതിന് സംയോജിത അധ്യാപനവും പഠന സമീപനങ്ങളും പ്രയോജനപ്പെടുത്തുന്നു. നിത്യേന അഭിമുഖീകരിക്കുന്ന സാമൂഹികവും സ്വാഭാവികവുമായ ലോകത്തെയും ആളുകളെയും സ്ഥലങ്ങളെയും വസ്തുക്കളെയും അനുഭവങ്ങളെയും കുറിച്ച് അവബോധമുണ്ടാക്കാനും ക്രിയാത്മകമായ ആശയങ്ങൾ നിർമ്മിക്കാനും കളികളിലൂടെയും മറ്റ് അവസരങ്ങളിലൂടെയും കുട്ടികൾ പഠിക്കുന്നു.”*

- ദ വിക്ടോറിയൻ എർളി ഇയേഴ്സ് ലേണിംഗ് ആൻഡ് ഡെവലപ്പ്മെന്റ് ഫ്രെയിംവർക്ക് (VEYLDF), 2016, പേജ് 14

നിങ്ങളുടെ കുട്ടി സ്വാഭാവികമായും പലതരത്തിലുള്ള കളികളിൽ ഏർപ്പെടും, അത് കുട്ടികളുടെ പഠനത്തിന്റെയും ബുദ്ധിവികാസത്തിന്റെയും ഒരു സുപ്രധാന ഭാഗമാണ്. സ്വന്തം ലോകത്തെ കുറിച്ച് അവബോധം ഉണ്ടാക്കാനും ശക്തമായ സ്വത്വബോധം രൂപപ്പെടുത്താനും നിങ്ങളുടെ കുട്ടിയെ കളികൾ സഹായിക്കുന്നു. നിങ്ങളുടെ കുട്ടിക്ക് കളിയിലൂടെ പല ആശയങ്ങളും സങ്കൽപ്പിക്കാനും മറ്റൊരാളാണെന്ന് നടിക്കാനും പലതും സൃഷ്ടിക്കാനും കാര്യങ്ങൾ അടുത്തറിയാനും അന്വേഷിച്ചറിയാനും ആശയവിനിമയം നടത്താനും ചോദ്യം ചെയ്യാനും സംസാരിക്കാനും ശ്രവിക്കാനും ചിന്തിക്കാനും അനുഭവിക്കാനും സ്പർശിക്കാനും മണക്കാനും കഴിയും. കളിയിൽ കൂടിയാലോചനകളും പ്രശ്നം പരിഹരിക്കലും റിസ്ക്കുകൾ ഏറ്റെടുക്കലും പുതിയ കാര്യങ്ങൾ പരീക്ഷിച്ചുനോക്കലും കാര്യങ്ങൾ പ്രവർത്തിക്കുന്ന രീതി നിരീക്ഷിക്കലും ഉൾപ്പെടുന്നു. നിങ്ങളുടെ കുട്ടി തന്നെ കുറിച്ചും മറ്റുള്ളവരെ കുറിച്ചും പഠിക്കും, കളിയുടെ നിയമങ്ങൾ പഠിക്കും, സുഹൃത്തുക്കളെ ഉണ്ടാക്കും, ബന്ധങ്ങൾ വളർത്തിയെടുക്കും, തന്റെ പഠിപ്പിക്കുന്ന വ്യക്തികളും മറ്റ് കുട്ടികളും ഉൾപ്പെടെ, ചുറ്റുമുള്ള ആളുകളെ വിശ്വസിക്കാൻ പഠിക്കും.

കുട്ടികൾ ചില സമയങ്ങളിൽ ഒറ്റയ്ക്ക് കളിക്കുകയും ഒന്നോ രണ്ടോ കുട്ടികളോടൊപ്പം കളിക്കുകയും കുട്ടികളുടെ ചെറിയതോ വലുതോ ആയ സംഘങ്ങൾക്കൊപ്പം കളിക്കുകയും ചെയ്യും. കളി ശബ്ദമുഖരിതമോ നിശബ്ദമോ നിഷ്ക്രിയമോ സജീവമോ ആകാം.

*“തടസ്സമില്ലാതെ നടക്കുന്ന കളിയുടെ കാലയളവുകൾ, ‘ഓപ്പൺ എൻഡഡ്’ മെറ്റീരിയലുകളും വിഭവസാമഗ്രികളും ഉപയോഗിച്ച്, സംഗതികൾ കണ്ടുപിടിക്കാനും അന്വേഷിച്ചറിയാനും കണ്ടെത്താനും കുട്ടികൾക്ക് സമയം നൽകുന്നു.”*

- ദ വിക്ടോറിയൻ എർളി ഇയേഴ്സ് ലേണിംഗ് ആൻഡ് ഡെവലപ്പ്മെന്റ് ഫ്രെയിംവർക്ക് (VEYLDF), 2016, പേജ് 21

## കളിയിലൂടെ പഠനം

സേവനത്തിൽ പങ്കെടുക്കുന്ന ഓരോ കുട്ടിയുടെയും വ്യക്തിഗത താൽപ്പര്യങ്ങളും ആവശ്യകതകളും നിറവേറ്റുന്നതിനായി അധ്യാപകരും എജ്യൂക്കേറ്റർമാരും ഒരു പ്രോഗ്രാം ആസൂത്രണം ചെയ്യുന്നു. കുട്ടികൾക്ക് ഇൻഡോർ ഇടങ്ങൾക്കും ഔട്ട്ഡോർ ഇടങ്ങൾക്കും ഇടയിൽ സ്വതന്ത്രമായി നീങ്ങാനാകുന്ന തുറന്നൊരു പഠനാന്തരീക്ഷത്തിൽ കളികളെ അടിസ്ഥാനമാക്കിയുള്ള അനുഭവങ്ങളുടെ വിപുലമായൊരു ശ്രേണി നൽകിക്കൊണ്ടാണ് അവർ ഇത് ചെയ്യുന്നത്.

മാർഗ്ഗനിർദ്ദേശത്തിന് കീഴിൽ നടക്കുന്ന, സംഗീതവും കഥകളും ചർച്ചയും പോലുള്ള ചില ഔപചാരിക പ്രവർത്തനങ്ങൾ ഉണ്ടാകും. ദിവസത്തിന്റെ വലിയൊരു ഭാഗം, എവിടെ കളിക്കും, ആർക്കൊപ്പം കളിക്കും, ഒരു പ്രത്യേക കളിയിൽ എത്ര സമയം ചെലവിടും എന്നിങ്ങനെയുള്ള കാര്യങ്ങളിൽ കുട്ടികൾ സ്വയം തീരുമാനമെടുക്കും. കുട്ടികൾക്ക് സഹായം ആവശ്യമുള്ളപ്പോൾ എജ്യൂക്കേറ്റർമാർ പിന്തുണയും മാർഗ്ഗനിർദേശവും നൽകും.

കുട്ടികളിൽ പഠനത്തോടുള്ള ഇഷ്ടം രൂപപ്പെടുത്തുന്നതിനും ജിജ്ഞാസ വളർത്തുന്നതിനും അന്വേഷണ ത്വര ഉണ്ടാക്കുന്നതിനും സ്വന്തം ലോകത്തിലും അവർ കണ്ടുമുട്ടുന്ന ആളുകളിലും താൽപ്പര്യം ഉണ്ടാക്കുന്നതിനും എജ്യൂക്കേറ്റർമാർ (എജ്യൂക്കേറ്റർമാർ) വ്യത്യസ്ത അധ്യാപന തന്ത്രങ്ങൾ ഉപയോഗിക്കും. അവർ കളികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയോ, കളികൾ നയിക്കുകയോ കുട്ടികൾ സ്വന്തം രീതിയിൽ ഏർപ്പെടുക്കുന്ന കളികൾ നിരീക്ഷിക്കുകയോ ചെയ്തേക്കാം.

## കളികളുടെ വേളയിൽ കുട്ടികൾ എന്താണ് പഠിക്കുന്നത്?

സംസാരിക്കാനും ചോദ്യങ്ങൾ ചോദിക്കാനും പദാവലിയും ഭാഷയും സാക്ഷരതയും ഗണിതവും സാമൂഹിക ശേഷികളും വികസിപ്പിക്കാനും പരിശീലിക്കാനും ഉള്ള അവസരങ്ങൾ കുട്ടികൾക്ക് കളികൾ നൽകുന്നു. കളികളിലൂടെ, മറ്റുള്ളവരുമായി ആശയവിനിമയം നടത്തുന്നതിനും അവരുമായുള്ള തങ്ങളുടെ ബന്ധം എന്താണെന്ന് മനസ്സിലാക്കാനും കുട്ടികൾ പഠിക്കുന്നു.

തങ്ങൾ നിരീക്ഷിച്ച കാര്യങ്ങൾ അഭിനയിച്ച് കാണിക്കുന്നതിന് കുട്ടികൾ ഭാവനയും ഉപയോഗിക്കുന്നു, ഉദാഹരണത്തിന്;

- ഭക്ഷണം തയ്യാറാക്കുന്നതായി അഭിനയിക്കൽ
- ഒരു കുഞ്ഞിനെ നോക്കൽ
- ഒരു അഗ്നിശമന സേനാംഗമോ ഡോക്ടറോ കടയുടമയോ ആയി അഭിനയിക്കൽ.

ഇത് സ്വന്തം ലോകത്തെയും സമൂഹത്തെയും മനസ്സിലാക്കാനും അവയെ കുറിച്ച് ഒരു അവബോധം ഉണ്ടാക്കിയെടുക്കാനും കുട്ടികളെ സഹായിക്കുന്നു.

*"ആഗോള സമൂഹങ്ങളിൽ പെട്ടവരാണെന്ന ധാരണ ഉൾപ്പെടെ, വ്യത്യസ്ത ഐഡന്റിറ്റികളും വീക്ഷണകോണുകളും അന്വേഷിച്ചറിയുന്നതിന് നാടകീയത നിറഞ്ഞ കളികൾ പ്രധാനമാണ്. വ്യക്തികളും ഗ്രൂപ്പുകളും തമ്മിലുള്ള സമാനതകളും ഇടയിലുള്ള വ്യത്യാസങ്ങളും മനസ്സിലാക്കുന്നതിനും അംഗീകരിക്കുന്നതിനും വ്യത്യസ്ത കാഴ്ചപ്പാടുകളെ ബഹുമാനിക്കുന്നതിനും കുട്ടികൾക്ക് പിന്തുണ നൽകേണ്ടതുണ്ട്."*

- ദ വിക്ടോറിയൻ ഏർളി ഇയേഴ്സ് ലേണിംഗ് ആൻഡ് ഡെവലപ്മെന്റ് ഫ്രെയിംവർക്ക് (VEYLDF), 2016, പേജ് 18

നിങ്ങളുടെ കുട്ടി കളിയിൽ ഏർപ്പെടുന്ന സമയത്ത്, മറ്റുള്ളവർക്ക് സ്വീകാര്യമായ പെരുമാറ്റങ്ങൾ പഠിക്കാൻ അവരെ സഹായിക്കുന്നതിന് അവർ കൂടിയാലോചന നടത്തിക്കൊണ്ട് നിയമങ്ങൾ ഉണ്ടാക്കും. ഉദാഹരണത്തിന്, ഊഞ്ഞാലിലാടുന്നതിന് തങ്ങളുടെ ഊഴം വരുന്നത് വരെ കാത്തിരിക്കണമെന്ന തരത്തിലുള്ള നിയമങ്ങൾ കുട്ടികൾ രൂപപ്പെടുത്തിയേക്കാം. എല്ലാവരെയും സുരക്ഷിതരായിരിക്കാൻ സഹായിക്കുന്നതും ഉപകരണങ്ങളെ പരിപാലിക്കുന്നതും ന്യായവും തുല്യതയും പിന്തുണയ്ക്കുന്നതുമായ നിയമങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയയിൽ കുട്ടികളെ പങ്കുചേരാൻ അനുവദിക്കുന്നത്, അവരുടെ ചിന്താശേഷിയെയും പ്രശ്നപരിഹാര ശേഷികളെയും സഹായിക്കും, ആശയവിനിമയ രൂപീകരണത്തെയും സാമൂഹിക ശേഷികളെയും ഗണിത ശേഷിയെയും സാക്ഷരതാ ശേഷിയെയും പിന്തുണയ്ക്കുകയും ചെയ്യും.

കളികളിൽ, കുട്ടികൾക്ക് അവരുടെ നിലവിലുള്ള അറിവും ആശയങ്ങളും പുതിയതും രസകരവുമായ വഴികളിൽ വർദ്ധിപ്പിക്കാൻ കഴിയും.

റിസ്ക് എടുക്കുകയും, ഇനിപ്പറയുന്നത് പോലെയുള്ള ശേഷികൾ പഠിക്കുകയും പരിശീലിക്കുകയും ചെയ്തുകൊണ്ട്, കുട്ടികൾ ചില പ്രവർത്തനങ്ങൾ വീണ്ടും വീണ്ടും ആവർത്തിച്ചേക്കാം:

- സ്വയം ഒരു ഉയർന്ന ഇടത്തേക്ക് കയറൽ
- ഒരു ജിഗ്-സോ പസിലിൽ വൈദഗ്ധ്യം നേടൽ
- സ്വന്തമായി വസ്ത്രങ്ങളോ കോട്ടോ അണിയൽ
- വീതിയില്ലാത്തൊരു തടിയിൽ സന്തുലനം പാലിച്ചുകൊണ്ട് നിൽക്കൽ
- സ്വയമായി കത്രിക ഉപയോഗിക്കൽ
- ഒറ്റക്കാൽ ചാട്ടത്തിൽ ഏർപ്പെടൽ
- സ്വയമായി ഊഞ്ഞാലിലാടൽ

വലുതും ചെറുതുമായ ഈ നേട്ടങ്ങൾ, കുട്ടികൾക്കും അവരുടെ പഠനത്തെ പിന്തുണയ്ക്കുന്ന അവരുടെ കുടുംബങ്ങൾക്കും എജ്യൂക്കേറ്റർമാർക്കും പ്രതിഫലദായകമാണ്.

കളികൾ കുട്ടികൾക്ക് ഇനിപ്പറയുന്നവയ്ക്കുള്ള അവസരങ്ങൾ നൽകുന്നു; ആഘോഷിക്കുക, കൈവരിക്കുക, വിജയിക്കുക, തെറ്റുകൾ വരുത്തുക, പരിശീലിക്കുക, പുതിയ വിവരങ്ങളോ ശേഷികളോ പരീക്ഷിച്ചുനോക്കുക, അഭിപ്രായങ്ങൾ രൂപപ്പെടുത്തുക, പുതിയ ശേഷികളും അറിവും സ്വായത്തമാക്കുക.

നിങ്ങളുടെ കുട്ടി കാര്യങ്ങൾ പഠിച്ചെടുക്കുന്നത് കളികളിലൂടെയാണ്.

---

**റഫെറൻസുകൾ**

*ഡിപ്പാർട്ട്മെന്റ് ഓഫ് എജ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ്, 2016. വിക്ടോറിയൻ ഏർളി ഇയേഴ്സ് ലണിംഗ് ആൻഡ് ഡവെലപ്മെന്റ് ഫ്രെയിംവർക്ക്.*